# അനുപാതം

**Que.1.** ഹരിതയും കൃഷ്ണയും ചേർന്ന് ഗണിതശാസ്ത്രമേളയിൽ പങ്കെടുക്കാൻ 3 സെ മി വശം വരുന്ന സമബഹുഭുജങ്ങൾ നിർമ്മിച്ചു.

a) അവർ നിർമ്മിച്ച സമപഞ്ചഭുജത്തിൻെറ ചുറ്റളവ് എത്ര ?

b) ഇതുപോലെ n വശങ്ങളുള്ള ബഹുഭുജം നിർമ്മിച്ചാൽ അതിൻെറ ചുറ്റളവ് എത്രയാകും

c) ഏതൊരു സമബഹുഭുജത്തിലും ചുറ്റളവ് വശത്തിൻെറ നീളത്തിന് ആനുപാതികമാണോ? എങ്കിൽ ആനുപാതിക സ്ഥിരം എന്ത്?

**Marks : (4)**

**Ans.** a) $5 \times 3$ = 15

b) 3n

c) അതെ ,വശങ്ങളുടെ എണ്ണം

**Que.2.** ഒരു സമചതുരത്തിൻെറ വികർണ്ണം 4 സെ മി ആണ്.

1) അതിൻെറ പരപ്പളവ് എത്ര?

2) സമചതുരങ്ങളുടെ വികർണ്ണത്തിൻെറ നീളം d യും പരപ്പളവ് A യും ആയാൽ അവ തമ്മിലുള്ള ബന്ധം എഴുതുക.

3) ആനുപാതിക സ്ഥിര സംഖ്യ ഏത് ?

**Marks : (3)**

**Ans.** a) 8 sq.cm

b) A = $\frac{1}{2}$ dxd

c) സ്ഥിരസംഖ്യ =1/2

**Que.3.** വശങ്ങളുടെ നീളങ്ങൾ ആനുപാതികമായ രണ്ട് ചതുരങ്ങളിൽ, ചെറുതിൻെറ വീതി 4 സെ.മീ., നീളം 12 സെ.മി ആണ്. വലുതിൻെറ നീളം 18 സെ മി ആയാൽ

a) ചെറുതിൻെറ വശങ്ങൾ തമ്മിലുള്ള അംശബന്ധം എഴുതുക.

b) വലുതിൻെറ വീതി എത്ര ?

**Marks : (2)**

**Ans.** a) അംശബന്ധം, 1 :3

b) വീതി = 6m